തദ്ദേശ സ്വയംഭരണ വകുപ്പ്
പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയം

നമ്പർ: LSGD/PD/20646/2024-DB1 തീയ്യതി: 16-06-2025

# സർക്കുലർ

വിഷയം :- തദ്ദേശ സ്വയംഭരണ വകുപ്പ്-നടപ്പാതകളുടെ അഭാവവും ടിപ്പറുകളുടെ അമിത വേഗതയും സംബന്ധിച്ച 13.04.2023 ലെ WP(C) നമ്പർ 30062/2022 ലെ വിധിന്യായം- 17.04.2024-ന് നടന്ന മീറ്റിംഗ് തീരുമാനം നടപ്പിലാക്കുന്നത്

സൂചന :- (1) 17.04.2024-ന് നടന്ന മീറ്റിംഗിൻ്റെ മിനിറ്റ്സ്
(2) സർക്കാരിൽ നിന്നുള്ള 24-05-2024, 03-05-2025 തീയതികളിലെ DB2/263/2024-LSGD നമ്പർ കത്തുകൾ

മേൽ വിഷയത്തിലേക്കും സൂചനയിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു. ബഹു. ഹൈക്കോടതി WP(C) No.30062/20211 നമ്പർ കേസിൽ, സർക്കാർ ഫയൽ ചെയ്ത സത്യവാങ്മൂലത്തിൽ, എല്ലാ റോഡ് പ്രവൃത്തികളിലെയും നടപ്പാതകൾ സൈറ്റിലെ സാഹചര്യം അനുസരിച്ച്, ഐ.ആർ.സി. മാനദണ്ഡങ്ങൾക്കനുസൃതമായും, ഫണ്ടുകളുടെ ലഭ്യതയ്ക്കും വിധേയമായി നിർമാണം നടത്തും എന്ന് സംസ്ഥാന സർക്കാർ ഉറപ്പ് നൽകിയിട്ടുണ്ട്. ടി സാഹചര്യത്തിൽ, റോഡുകളുടെ അരികിലുള്ള മാർക്കറ്റുകൾ LSGD യുടെ പരിധിയിയായതിനാൽ, ബിസിനസ്സ് സ്ഥാപനങ്ങളുടെ സഹായത്തോടെ, കൈയേറ്റങ്ങളില്ലാതെ, നടപ്പാതകൾ നിർമ്മിക്കുന്നതിനുള്ള സാധ്യത എല്ലാ തദ്ദേശ സ്ഥാപനങ്ങളും പരിശോധിക്കേണ്ടതും ആയത് നടപ്പിലാക്കുന്നുണ്ടെന്ന് എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാരും ഉറപ്പുവരുത്തേണ്ടതുമാണ്.

Signed by
Sandeep K G
Date: 16-06-2025 22:08:28

Sandeep K G
CHIEF ENGINEER